നേഴ്സിംഗ് കോളേജ്, കോഴിക്കോട്

പ്രൊഫസർ ആന്റ് ഹെഡ്	..	1
പ്രൊഫസർ	..	2
അസോസിയേറ്റ് പ്രൊഫസർ	..	5
അസിസ്റ്റന്റ് പ്രൊഫസർ	..	8
ലക്ചറർ	..	14

ഇപ്രകാരം അനുവദിച്ച തസ്തികകളിൽ എത്ര പേർ ജോലിചെയ്യുന്നു എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി & ഡി) കോഴിക്കോട് നേഴ്സിംഗ് കോളേജിൽ നിന്നും ഒരു പ്രൊഫസർ തസ്തിക മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് ഷിഫ്റ്റ് ചെയ്തു. ഷിഫ്റ്റിംഗിനു ശേഷം കോഴിക്കോട് നേഴ്സിംഗ് കോളേജിൽ എത്ര ടീച്ചിംഗ് സ്റ്റാഫ് ഉണ്ടെന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) അതെ.

(എഫ്) ഉദിക്കുന്നില്ല.

നിരോധിച്ചിട്ടുള്ള മരുന്നുകളുടെ വില്പന

147 [148] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. അബ്ദുറബ്ബ്:

,, കെ. എൻ. എ. ഖാദർ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിച്ചിട്ടുള്ള മരുന്നുകൾ സംസ്ഥാനത്ത് വില്പന നടത്തുന്നത് കണ്ടുപിടിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(ബി) നിരോധിച്ചിട്ടുള്ള ഏതെല്ലാം മരുന്നുകളുടെ വില്പനയാണ് നടന്നു വരുന്നതായി കണ്ടുപിടിച്ചിട്ടുള്ളത്;

(സി) ഈ ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; ആരെയെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എല്ലാ ജില്ലകളിലും ഇതിനായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്.

(ബി) വൈറ്റമിൻ ബി1, ബി6, ബി12 എന്നിവയുടെ ചേരുവകൾ, ഹാലോപെരിഡോൾ ട്രൈഹെക്സി ഫെനിഡയിൽ എന്നിവയുടെ ചേരുവകൾ, ഡൈപ്രോ ഫെപ്റ്റഡിൻ, ലൈസിൻ എന്നിവയുടെ ചേരുവകൾ, ഫിനോബാർബിറ്റോൺ, സാൽബുട്ടാമോൾ എന്നിവയുടെ ചേരുവകൾ, സാലിഡിക്സിക് ആസിഡ്, മെട്രോനിഡാസോൾ എന്നിവയുടെ ചേരുവകൾ തുടങ്ങിയവ സംസ്ഥാനത്ത് വില്പന നടത്തിയതായി കണ്ടുപിടിച്ചിട്ടുണ്ട്.

(സി & ഡി) രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഹമ്മദാബാദിലെ ടോറന്റ് ഫാർമസ്യൂട്ടിക്കൽസിനെതിരെയും ഇൻഡോറിലെ ജെ. കെ. സർജിക്കൽസ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, എറണാകുളത്തെ വിഘ്നേഷ് ഫാർമ എന്നിവർക്കെതിരെയും കേസെടുത്തിട്ടുണ്ട്. കൂടാതെ നിരോധിച്ചിട്ടുള്ള മരുന്നുകൾ നിശ്ചിത തീയതിക്ക് ശേഷം വില്പന നടത്തിയ റീട്ടെയിൽ വ്യാപാരികളുടെ പേരിൽ വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ നടപടികൾ തുടർന്നു വരുന്നു.

സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന മരുന്ന് ലഭ്യമാക്കാൻ നടപടി

148 [149] ശ്രീ. സ്റ്റീഫൻ ജോർജ്:

,, തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അത്യാവശ്യം വേണ്ടുന്ന മരുന്നുപോലും ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെട്രൽ പർച്ചേസിംഗ് കമ്മിറ്റികൾ ഡി. എച്ച്. എസ്. സ്റ്റോറുകളിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ വർഷം സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന എത്ര കോടി രൂപയ്ക്കുള്ള മരുന്നാണ് വാങ്ങിയത്;

(ഡി) ഈ വർഷം എത്ര കോടി രൂപയുടെ മരുന്ന് വാങ്ങി;

LIBRARY ARCHIVES Kerala Legislative Assembly